**പതിമൂന്നാം കേരള നിയമസഭ**
**ആറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ :1057 13/12/2012-ലെ മറുപടിക്ക്

**കേരള യൂണിവേഴ്സിറ്റിയിലെ അസിസ്റ്റന്റുമാരുടെ നിയമനം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.കെ. ബഷീർ | ശ്രീ. പി.കെ. അബ്ദു റബ്ബ് ( ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി). |
| എ) കേരള യൂണിവേഴ്സിറ്റിയിലെ അസിസ്റ്റന്റുമാരുടെ നിയമനം സംബന്ധിച്ച ആരോപണങ്ങളിന്മേൽ ലോകായുക്ത പുറപ്പെടുവിച്ച വിധിയുടെ സാരാംശം വ്യക്തമാക്കുമോ; | എ) 1) സർവ്വകലാശാലയിലെ അസിസ്റ്റന്റ് ഗ്രേഡ് തസ്തികയിലേയ്ക്കുള്ള നിയമനത്തിന് ഉദ്യോഗാർത്ഥികളുടെ തെരഞ്ഞെടുപ്പിന് സ്വജന പക്ഷപാതം നടത്തിയ മുൻ വൈസ് ചാൻസലർ ഡോ. എം.കെ. രാമചന്ദ്രൻ നായർ, മുൻ പ്രോവൈസ് ചാൻസലർ ഡോ. റി. ജയപ്രകാശ്, സിൻഡിക്കേറ്റ് അംഗങ്ങളായിരുന്ന ബി.എസ്. രാജീവ്, എ.എ. റഷീദ്, കെ.എ. ആൻഡ്രൂസ്, എൻ.വി. റസ്സൽ എന്നിവർക്കെതിരെ ഉചിതമായ നിയമ നടപടികൾ ആരംഭിക്കുക<br>2) ഒ.എം.ആർ ഷീറ്റുകൾ നശിപ്പിക്കുകയോ മൂടിവയ്ക്കുകയോ ചെയ്ത 1, 3 എന്നീ പ്രതികൾക്കെതിരെ നിയമ നടപടികൾ ആരംഭിക്കുക<br>3) റാങ്ക് ലിസ്റ്റും ആ റാങ്ക് ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ നടത്തിയ എല്ലാ നിയമനങ്ങളും റദ്ദാക്കുക.<br>4) മുൻ പരീക്ഷയ്ക്ക് അപേക്ഷ സമർപ്പിച്ചിരുന്ന എല്ലാ ഉദ്യോഗാർത്ഥികൾക്കുമായി പരീക്ഷ നടത്തുന്നതിന് കേരള സർവ്വകലാശാല |

| | |
|---|---|
| | ഫസ്റ്റ് സ്റ്റാറ്റ്യൂട്ടിലെ ചാപ്റ്റർ 4 പാർട്ട് സെക്കന്റ് സ്റ്റാറ്റ്യൂട്ട് 8 അനുസരിച്ച് ഒരു പുതിയ സെലക്ഷൻ ബോർഡ് രൂപീകരിക്കുന്നതിന് വൈസ്ചാൻസലർക്ക് നിർദ്ദേശം നൽകുക എന്നീ ശുപാർശകളാണ് ബഹു. ഉപലോകായുക്തയുടെ വിധിയിലുള്ളത്. |
| ബി) ഈ വിധിയിന്മേൽ ബഹു. ഹൈക്കോടതിയുടെ തീർപ്പ് എന്തായിരുന്നു; യൂണിവേഴ്സിറ്റിയുടെ നിലപാടെന്താണ്; വ്യക്തമാക്കുമോ; | ബി) ഈ വിധിക്കെതിരെ ഉദ്യോഗാർത്ഥികൾ സമർപ്പിച്ച ഹർജി ബഹു. ഹൈക്കോടതിയുടെ പരിഗണനയിലാണ്. ബഹു. ഉപലോകായുക്തയുടെ വിധിക്കെതിരെ അപ്പീൽ നൽകേണ്ടതില്ല എന്നാണ് സർവ്വകലാശാലയുടെ നിലപാട്. |
| സി) ലോകായുക്ത വിധി നടപ്പാക്കുന്നതു സംബന്ധിച്ച ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ ; | സി) & |
| ഡി) ഇക്കാര്യത്തിൽ സർക്കാർ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ സർക്കാരിന്റെ നയം എന്താണെന്നും, വിധി എന്നത്തേയ്ക്ക് നടപ്പാക്കുമെന്നും വ്യക്തമാക്കുമോ? | ഡി) ബഹു. ഉപലോകായുക്തയുടെ വിധിക്കെതിരെ ഉദ്യോഗാർത്ഥികൾ സമർപ്പിച്ച ഹർജി ബഹു. ഹൈക്കോടതിയുടെ പരിഗണനയിലാണ്. ബഹു. ഉപലോകായുക്തയുടെ വിധിക്കനുസരിച്ച് അസിസ്റ്റന്റ് നിയമനം സംബന്ധിച്ച എല്ലാ കാര്യങ്ങളും വിശദമായ ക്രൈംബ്രാഞ്ച് അന്വേഷണം നടത്തുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**